റാന്നി പട്ടണത്തിന്റെ പുരോഗതിക്കുതന്നെ അത് തടസ്സമായി വന്നിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇടപെട്ട് ചർച്ച ചെയ്ത് എത്രയും വേഗം പ്രശ്നം പരിഹരിക്കണമെന്നു മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ.

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): സർ, 1971-ൽ തുടങ്ങിയ തർക്കവും സംഘർഷവുമാണ് അവിടെ നിലനിൽക്കുന്നത്. ഏതായാലും രണ്ടുകൂട്ടരും പോലീസ് സംരക്ഷണം ആവശ്യപ്പെടുകയും സംരക്ഷണം കൊടുക്കുകയും ചെയ്തതിനു ശേഷം മാത്രമാണ് പോലീസ് ഇടപെടുകയും പള്ളി താൽക്കാലികമായി പൂട്ടിയിടുകയുമുണ്ടായത്. അതിനുശേഷം ആഭ്യന്തരകാര്യ സെക്രട്ടറി ശ്രീ. എൻ. കാളീശ്വരനെയും ശ്രീ. ബാബുപോളിനേയും ചുമതലപ്പെടുത്തി ഇതിന് മദ്ധ്യസ്ഥത്തിന് ശ്രമിക്കുകയും ഏറെക്കുറെ രണ്ടു കൂട്ടരും അംഗീകരിക്കുന്ന തീരുമാനമെടുത്തുവെങ്കിലും അത് വീണ്ടും അലസിപ്പോവുകയുമാണുണ്ടായത്. ഇപ്പോഴും അടിയന്തിരമായി ഒരാഴ്ചക്കുള്ളിലോ അടുത്ത ആഴ്ചയോ തന്നെ കോൺഫറൻസ് വിളിക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. ആ കോൺഫറൻസിൽ രണ്ടു വിഭാഗക്കാരും ഒരു യോജിപ്പിലെത്തുമെന്നുള്ള പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. എത്രയും വേഗം പള്ളി തുറക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

(5) ദേവികുളം നിയോജകമണ്ഡലത്തിലെ റോഡുകൾ

ശ്രീ. ജി. വരദൻ: സർ, എം.എൽ.എ. മാർക്കുള്ള രണ്ടു റോഡുകളെക്കുറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പറഞ്ഞു. ഞാൻ രണ്ടു റോഡിനും എഴുതിക്കൊടുത്തതാണ്. ഏറ്റവും കൂടുതൽ ജനങ്ങൾ ബുദ്ധിമുട്ടുന്ന സ്ഥലമാണ് മൂന്നാർ, മാങ്കുളം. മൂന്നാറിൽ ജനങ്ങൾ 35 കിലോമീറ്റർ നടന്നു യാത്ര ചെയ്യണം. ഈ റോഡിനു ഇതുവരെ നമ്മുടെ ഡിപ്പാർട്ടുമെന്റ് യാതൊരു നടപടികളും എടുത്തിട്ടില്ല. വേറെ ഒരു റോഡാണ് കുഞ്ചിത്തണ്ണി—കജനാപ്പാറ. മൂന്നു പഞ്ചായത്തുകളെ ബന്ധിക്കുന്ന റോഡാണ് ഇത്. ഈ റോഡും നമ്മുടെ പി. ഡബ്ല്യു.ഡി. ഉദ്യോഗസ്ഥൻമാർ എടുത്തിട്ടില്ല. മൂന്നാറിൽ ചെല്ലുമ്പോൾ പറയും ഇടുക്കിയിൽ ചെന്നാൽ വിവരം കിട്ടുമെന്ന്. ഇടുക്കിയിൽ ചെന്നാൽ പറയും തിരുവനന്തപുരം ചീഫ് എഞ്ചിനീയർ ആഫീസിൽ ചെന്നാൽ വിവരം കിട്ടുമെന്ന്. അവിടെ ചെല്ലുമ്പോൾ മന്ത്രിയുടെ ആഫീസിൽ ചോദിച്ചാൽ മറുപടി കിട്ടുമെന്നു പറയും. അതുപോലെ തന്നെയാണ് വട്ടവട ടോപ് സ്റ്റേഷൻ റോഡ്. ഇത് ഒൻപതു വർഷമായി പണിതീരാതെ കിടക്കുകയാണ്. മാത്രമല്ല അവിടെ ഇപ്പോഴും റേഷൻ അരി കഴുതയുടെ പുറത്താണ് കൊണ്ടു പോകുന്നത്. അതുപോലെ തന്നെയാണ് തട്ടേക്കാട് കുട്ടംപുഴ റോഡ്. ഇത് കോതമംഗലത്തെ ഒരു പഞ്ചായത്തു റോഡാണ്. മുപ്പത്തയ്യായിരം ആളുകളുള്ള ഒരു പഞ്ചായത്താണ്. ഒൻപതു കൊല്ലമായി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ള പാലത്തിന്റെ പണി തുടങ്ങിയിട്ടില്ല. ഒന്നുകിൽ ദയവായി ഈ എം.എൽ.എ. റോഡിന്റെ പേരു മാറ്റണം. അല്ലെങ്കിൽ അതിന്റെ പണി പൂർത്തിയാക്കണം. അതിന്റെ പണി പൂർത്തിയാക്കാത്തതിന്റെ പുറകിൽ എന്തോ ഉണ്ട്. ഈ റോഡുകളുടെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എം.എൽ.എ. റോഡുകൾക്കു വേണ്ടി രണ്ട് എസ്റ്റിമേറ്റുകൾ കിട്ടിയിട്ടുണ്ട്. ഒന്ന് 170 ലക്ഷം രൂപയുടെയും മറ്റൊന്ന് 95 ലക്ഷം രൂപയുടെയും. രണ്ട് എസ്റ്റിമേറ്റുകൾ കിട്ടിയിട്ടുണ്ടെങ്കിലും അവയുടെ പൂർണ്ണമായ വിവരം കിട്ടിയിട്ടില്ല. റോഡുകൾ ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ടോയെന്നതു മുതൽ ചില വിവരങ്ങൾകൂടി കിട്ടാനുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ അതിന് ഭരണാനുമതി നൽകുന്നതാണ്. പിന്നെ പാലത്തിന്റെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കടത്താണ് അത്. ധാരാളം ആളുകൾ ദിവസേന അക്കരെ പോയിക്കൊണ്ടിരിക്കുന്ന കടത്താണ്. ഈ പാലത്തിന് തുക ഉൾക്കൊള്ളിച്ചിട്ടുള്ളത് 100 ഉറുപ്പികയാണ്. അതുകൊണ്ട് തൽക്കാലം പാലത്തിന്റെ പ്രശ്നം ആലോചിക്കേണ്ടെന്നും ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് പറഞ്ഞിട്ടുണ്ട്. പുതിയ ഒരു ചങ്ങാടം അവിടെ ഉണ്ടാക്കാനുള്ള നിർദ്ദേശമാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. വട്ടവട ടോപ് സ്റ്റേഷൻ റോഡിന്റെ കാര്യമാണെങ്കിൽ 20 ലക്ഷത്തോളം രൂപയ്ക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. അതനുസരിച്ച് കുറെ ഭാഗം പണി തീർന്നുവെങ്കിലും കരാറുകാരൻ അത് ഇട്ടിട്ടുപോയി. അതിന് ഏകദേശം 30 ലക്ഷം ഉറുപ്പികയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതിക്കായി എഴുതിക്കഴിഞ്ഞാൽ പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

(6) കോഴിക്കോട് ടെലഫോൺ എക്സ്ചേഞ്ചിലെ പോലീസ് അതിക്രമം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, ഞാൻ ഇവിടെ മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത് കോഴിക്കോട്ട് കഴിഞ്ഞ മാസം 24–ാം തീയതി ഉണ്ടായ ടെലഫോൺ കുഴപ്പത്തെ സംബന്ധിച്ച കാര്യത്തിലേക്കാണ്. ഒരു ചെറിയ സംഭവം കേരള വ്യാപകമായ ഒരു വലിയ സംഭവമായിത്തീരാനിടയായതിന്റെ ഒരു ചെറിയ വിവരണമാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. അഷ്റഫ് എന്ന ഒരു ടെലഫോൺ ജീവനക്കാരൻ ഒരു ബസ് കണ്ടക്ടറെ അടിച്ചു. ബസ് കണ്ടക്ടറും അയാളുടെ സഹായികളും കൂടി അഷ്റഫിനെ തിരിച്ചടിച്ചു. ബസ് കണ്ടക്ടർ പോലീസിൽ പരാതി കൊടുത്തു. പോലീസ് അഷ്റഫിനെ വിളിച്ച് പ്രശ്നം പറഞ്ഞൊതുക്കിത്തീർത്ത് പുറത്തേക്ക് വിടുന്ന അവസരത്തിൽ മജീദ് എന്നു പറഞ്ഞ ഒരു സബ് ഇൻസ്പെക്ടർ അഷ്റഫിനെ പിടിച്ചുകൊണ്ടു പോയി മുറിയിലിട്ട് പൂട്ടി കഠിനമായി മർദ്ദിച്ചു. അതിനെപ്പറ്റി അന്വേഷിക്കാൻ ചെന്ന ടെലഫോൺ ജീവനക്കാരിൽ 22 പേരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. അതെത്തുടർന്ന് സംഘർഷം വർദ്ധിക്കുകയും ചെറിയ തോതിലുള്ള ലാത്തിച്ചാർജ്ജ് നടക്കുകയും ചെയ്തു. ലാത്തിച്ചാർജിനുശേഷമാണ് പോലീസ് ടെലഫോൺസ് ഹെഡ് ആഫീസിൽ കടന്ന് അതിക്രമങ്ങൾ കാണിച്ചിട്ടുള്ളത്. ഇതൊരു പ്രധാനപ്പെട്ട ആഫീസാണ്. അവിടെ മറ്റുള്ളവർക്ക് പ്രവേശിക്കണമെങ്കിൽ പെർമിഷൻ വേണം. പോലീസ് കയറി എന്തും ചെയ്യാനുള്ള ആഫീസ് അല്ല. ഇതു രണ്ടും ഗൗരവമുള്ള ആഫീസുകളാണ്. കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ ടെലഫോൺസിൽ വളരെയേറെ ഗൗരവമുള്ള പ്രവർത്തനമാണ് നടക്കുന്നത്. നമ്മുടെ നിയമസമാധാന പാലകൻമാരാണെങ്കിൽ മോശക്കാരല്ല. എതായാലും ഇപ്പോഴത്തെ ഡിസ്ട്രിക്ട് മാനേജർ–

LIBRARY ARCHIVES Kerala Legislative Assembly